പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1530　　　07.06.2018-ലെ മറുപടിക്ക്

'പൂഞ്ഞാർ മണ്ഡലത്തിലെ വില്ലേജുകളിലെ സ്ഥലം കൈമാറ്റം'

ചോദ്യം
ശ്രീ.പി.സി.ജോർജ്

മറുപടി
ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ പുരയിടമായ വസ്തു റില്ലേജ് രേഖകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മൂലം സ്ഥലം കൈമാറ്റങ്ങൾ നടക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ബന്ധപ്പെട്ട ഭൂമി മീനച്ചിൽ താലൂക്ക് ലാൻഡ് ബോർഡിലെ തീർപ്പാക്കിയിട്ടുള്ള മിച്ചഭൂമി കേസ് ഫയലുകളും വിവിധ ഓഫീസ് റിക്കാർഡുകളും പരിശോധിച്ചും, പ്രാദേശിക അന്വേഷണം നടത്തിയും, കേരള ഭൂപരിഷ്കരണ നിയമം പ്രകാരം മിച്ചഭൂമിയിൽ ഉൾപ്പെട്ടുവരുന്നതാണോ എന്ന് ഉറപ്പാക്കുകയും കെ.എൽ.ആർ ആക്ട്, സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ച തോട്ടഭൂമി അല്ലാ എന്നോ റീസർവ്വെയിൽ സംഭവിച്ച പിശകാണെന്നോ ബോധ്യപ്പെടുന്ന കേസുകളിൽ തോട്ടം എന്നുള്ളത് പുരയിടം എന്ന് തിരുത്തിയും നൽകി വരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുടെ സർവ്വകക്ഷി യോഗം വിളിക്കുവാൻ സന്നദ്ധമാണോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ? | (ബി) | പൊതുവായ റീസർവ്വെ അപാകതകൾ സംബന്ധിച്ച് പരാതികൾ വില്ലേജ് തലത്തിൽ അദാലത്ത് നടത്തി പരിഹരിക്കുന്നതിന് ജില്ലാകലക്ടർമാർക്ക് നിർദ്ദേശം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ